## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**2020 ഫെബ്രുവരി 12, ബുധൻ**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2335**

<u>സ്കൂൾ ഉച്ചഭക്ഷണ പദ്ധതി</u>

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. വി.ഡി. സതീശൻ എം. എൽ. എ** | | **ഡോ. ടി. എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് പണം ലഭിക്കുന്നതിന് ധനകാര്യ വകുപ്പ് പുതിയ സംവിധാനം കൊണ്ടുവന്നിട്ടുണ്ടോ;<br>വിശദമാക്കുമോ; | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂളിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും നേരിട്ട് കണ്ടിജൻസി തുക അനുവദിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഈ തുക (BIMS) അലോട്ട്മെന്റായി ആണ് അനുവദിക്കുന്നത്. ഓരോ മാസവും ചെലവിനുള്ള തുകയുടെ ബില്ലുകൾ ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അംഗീകാരം വാങ്ങി ട്രഷറിയിൽ സമർപ്പിച്ചാൽ ടി തുക ബന്ധപ്പെട്ട പ്രഥമാധ്യാപകർക്ക് ലഭ്യമാകുന്നതാണ്. |
| (ബി) | വിപണിയിൽ നിത്യോപയോഗ സാധനങ്ങൾക്ക് അതിഭീമമായ വിലവർദ്ധനവ് ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ഈ പദ്ധതിയ്ക്കായി അനുവദിക്കുന്ന തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇല്ല; സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് അനുവദിക്കുന്ന തുക അപര്യാപ്തമാണെന്നത് സംബന്ധിച്ച് സ്കൂൾ പ്രഥമാധ്യാപകരിൽ നിന്നോ സ്കൂൾ പി.ടി.എ പ്രതിനിധികളിൽ നിന്നോ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നോ ജനപ്രതിനിധികളിൽ നിന്നോ പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |

| | | |
|---|---|---|
| (സി) | വിലക്കയറ്റവും സാമ്പത്തിക ബുദ്ധിമുട്ടും കാരണം ഇപ്പോൾ തന്നെ പ്രതിസന്ധിയിലായ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പേരിൽ പ്രഥമാധ്യാപകർക്കുള്ള ബാധ്യത പുതിയ സംവിധാനം മൂലം ഇരട്ടിക്കുമെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ? | ട്രഷറി മുഖാന്തിരം തുക അനുവദിക്കുന്നതുകൊണ്ട് പ്രഥമാധ്യാപകർക്ക് ബാധ്യത ഇരട്ടിക്കുമെന്ന പരാതി ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**